# ജില്ല സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് 24ന്

**മട്ടാഞ്ചേരി:** ജില്ല സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ് ഈ മാസം 24, 25 തീയതികളിൽ ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ നടക്കും. ടീമുകൾ http://www.throwballkerala.com എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും ജനുവരി 22ന് മുമ്പ് നടത്തേണ്ടതാണെന്ന് ജില്ല സെക്രട്ടറി അറിയിച്ചു. ഫോൺ നമ്പർ : 9633088615.



ജില്ല സബ്ജൂനിയർ ത്രോ ബാൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ ഗുജറാത്തി വിദ്യാലയ, വിന്നേഴ്സ് ക്ലബ് ടീമുകൾ

## ജില്ല സബ്ജൂനിയർ ത്രോ ബാൾ

# ഗുജറാത്തി വിദ്യാലയയും വിന്നേഴ്സ് ക്ലബും ജേതാക്കൾ

**ഫോർട്ട്കൊച്ചി:** ജില്ല സബ്ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പടി സെന്റ് ആൻസ് പബ്ലിക് സ്കൂളിനെ പരാജയപ്പെടുത്തി മട്ടാഞ്ചേരി ഗുജറാത്തി വിദ്യാലയ ജേതാക്കളായി.

പെൺകുട്ടികളുടെ വിഭാഗത്തിൽ കരിമ്പാടം ഡി.ഡി സഭ സ്കൂളിനെ പരാജയപ്പെടുത്തി ഫോർട്ട് കൊച്ചി വിന്നേഴ്സ് ക്ലബും ഒന്നാമതെത്തി.

ഫോർട്ട്കൊച്ചി പരേഡ് മൈതാനിയിൽ നടന്ന മത്സരങ്ങൾ ജില്ല ഒളിമ്പിക് അസോസിയേഷൻ വൈസ് പ്രസിഡന്റ് അഡ്വ. കെ. എ. സലിം ഉദ്ഘാടനം ചെയ്തു. ജില്ല സ്പോർട്സ് കൗൺസിൽ അംഗം കെ.എം. ഷാഹുൽ ഹമീദ് സമ്മാനദാനം നിർവഹിച്ചു. ടോം ജോയി, എം.എച്ച്. ബിജു, പി.ബി. മോൻസി, വിനു ചന്ദ്രൻ, സൽമാൻ ഫാരിഷ്, പി.എസ്. അനീർ എന്നിവർ സംസാരിച്ചു.

# ത്രോ ബോൾ: ഗുജറാത്തി വിദ്യാലയ, വിന്നേഴ്സ് ക്ലബ് ജേതാക്കൾ

ഫോർട്ട്കൊച്ചി ● ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടാഞ്ചേരി ഗുജറാത്തി വിദ്യാലയയും പെൺകുട്ടികളുടെ വിഭാഗത്തിൽ ഫോർട്ട്കൊച്ചി വിന്നേഴ്സ് ക്ലബ്ബും ചാംപ്യൻമാരായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പടി സെന്റ് ആൻസ് പബ്ലിക് സ്കൂളിനെയാണ് ഗുജറാത്തി വിദ്യാലയ പരാജയപ്പെടുത്തിയത്.

തിരുവാണിയൂർ സ്റ്റെല്ല മാരീസ് ക്ലബ്ബിനാണ് 3-ാം സ്ഥാനം.

പെൺകുട്ടികളുടെ വിഭാഗത്തിൽ കരിമ്പാടം ഡിഡി സഭ സ്കൂളിനെ വിന്നേഴ്സ് ക്ലബ് പരാജയപ്പെടുത്തി. കൂവപ്പടി സെന്റ് ആൻസ് ക്ലബ് 3-ാം സ്ഥാനം നേടി.

ജില്ലാ ഒളിംപിക്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് കെ.എ.സലിം ഉദ്ഘാടനം ചെയ്തു. കെ.എം.ഷാഹുൽ ഹമീദ് സമ്മാനം നൽകി.

ടോം ജോയ്, എം.എച്ച്.ബിജു, പി.ബി.മോൻസി, വിനു ചന്ദ്രൻ, സൽമാൻ ഫാരിഷ്, എ.എസ്.റസീന, പി.എസ്.അനീർ എന്നിവർ പ്രസംഗിച്ചു.

# നസ്രത്ത് പള്ളിയിൽ തിരുനാൾ ആരംഭിച്ചു

മട്ടാഞ്ചേരി ● നസ്രത്ത് തിരുക്കു

കൂടുതൽ പ്രാദേശിക വാർത്തകൾ 17-ാം പേജിൽ

# പ്രാദേശിക





ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യൻഷിപ്പ് നേടിയ മട്ടാഞ്ചേരി ഗുജറാത്തി വിദ്യാലയ ടീം.



ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യൻഷിപ്പ് നേടിയ ഫോർട്ട്കൊച്ചി വിന്നേഴ്സ് ക്ലബ് ടീം.

# ത്രോ ബോൾ ചാംപ്യൻഷിപ്

മട്ടാഞ്ചേരി● എറണാകുളം ജില്ലാ ത്രോ ബോൾ ചാംപ്യൻഷിപ് 24, 25 തീയതികളിൽ ഫോർട്ട്കൊച്ചി പരേഡ് മൈതാനിയിൽ നടത്തും. ടീമുകൾ 22ന് മുൻപ് റജിസ്റ്റർ ചെയ്യണം. 9633088615.